**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2410**
**13.02.2013- ലെ മറുപടിയ്ക്ക്**

**നിലവിലുള്ള ജീവനക്കാരെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിന്ന് ഒഴിവാക്കാനുള്ള ഉത്തരവ്**

ചോദ്യം
ശ്രീ. എളമരം കരീം

ഉത്തരം
ശ്രീ. കെ.എം. മാണി
(ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| (എ) | 2013 ഏപ്രിൽ 1 മുതൽ സർവ്വീസിൽ പ്രവേശിക്കുന്ന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തുവാനുള്ള സർക്കാർ തീരുമാനം നിലവിലുള്ള ജീവനക്കാരിൽ കടുത്ത ആശങ്ക പരത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | നാഷണൽ പെൻഷൻ സിസ്റ്റം എന്ന പേരിൽ കേന്ദ്ര ഗവൺമെന്റും രണ്ട് സംസ്ഥാനങ്ങൾ ഒഴികെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും അംഗീകരിച്ചതാണ് പങ്കാളിത്ത പെൻഷൻ പദ്ധതി. ഇതിൻമേലുള്ള ആശങ്ക അടിസ്ഥാനരഹിതമാണ്. |
| (ബി) | എങ്കിൽ അത്തരം ആശങ്ക അകറ്റുവാൻ സ്വീകരിച്ച നടപടി വെളിപ്പെടുത്താമോ; | |
| (സി) | ഇല്ലെങ്കിൽ 31.03.2013 വരെ സർവ്വീസിലുള്ള ജീവനക്കാരെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിന്ന് ഒഴിവാക്കാനുള്ള പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുമോ; | NPS നടപ്പാക്കുന്നത് 01-04-2013 മുതൽ സർവ്വീസിൽ ചേരുന്ന ജീവനക്കാർക്കായി പരിമിതപ്പെടുത്തി കെ. എസ്. ആർ, പാർട്ട് III ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | നിർദ്ദിഷ്ട കേന്ദ്ര പി. എഫ് . ആർ. ഡി.എ. ബില്ലിൽ 01.01.2004 മുതൽ പങ്കാളിത്ത പെൻഷന് പ്രാബല്യം നല്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. |

<table>
<tr><td>(ഇ)</td><td>എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;</td><td rowspan="2">01/04/2013 മുതൽ നിയമിക്കപ്പെടുന്ന സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കുമാണ് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിക്കൊണ്ട് 07/01/2013 ലെ ജി.ഒ(പി) നം.20/13/ധന പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവായിട്ടുള്ളത്.</td></tr>
<tr><td>(എഫ്)</td><td>പി.എഫ്. ആർ.ഡി.എ. ബിൽ നിലവിൽ വന്നു കഴിഞ്ഞാലും 31.03.2013ൽ സർവ്വീസിലുള്ള ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ ബാധകമാകാതിരിക്കാനുള്ള പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുമോ ?</td></tr>
</table>

സെക്ഷൻ ഓഫീസർ.